(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2173/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം
ഇമെയിൽ - lfadtvm@yahoo.in
വെബ് - www.lfa.kerala.gov.in
ഫോൺ - 04712331231
തീയതി. 26.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വിതുര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിതുര ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിതുര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും ഭാഗം 3 ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.5/2173/2016 തീയതി: 26.12.2016

## തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2016 മുതൽ 15.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി

നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽകണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 22 എണ്ണം നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി ന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15.11.2016മുതൽ 21.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.സജി, ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ടി.ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ശാലിനി.വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.റെജി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.എൻ.വി.വിപിൻ 01.04.2015 മുതൽ 31.10.2015 വരെ

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി : 01.11.2015 മുതൽ 21.11.2015 വരെ

ശ്രീമതി.എസ്.എൽ.കൃഷ്ണകുമാരി. 19.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി : ശ്രീ.കെ.ബി.സുരേഷ് 01.04.2015 മുതൽ 31.05.2016 വരെ

ശ്രീ.കെ.കെ.സജീവ് 01.06.2015 മുതൽ 25.07.2015 വരെ

ശ്രീ.അനുസചേനനൻ 26.09.2015 മുതൽ 31.03.2016 വരെ

നീർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | നിഷാപിള്ള.എച്ച്. | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.രാജ്കുമാർ | 01.04.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലേഖ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദീപ | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.ആശ | 01.04.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശകുന്തളാദേവി | 01.04.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ.l | സമീർ | 01.04.15 മുതൽ 31.03.16 വരെ |
| അസി.സെക്രട്ടറി | കെ.കെ.സജീവ്കുമാർ | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | റോസലിൻഡ് ആർ.എസ്. | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ്മാസ്റ്റർ | മോഹനകുമാർ | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |

| | | | |
|---|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകത | 2-1 | |
| 13 | പണം പിൻവലിക്കൽ - രേഖകൾ ആധികാരികമല്ല | 2-2 | |
| 14 | ഷോപ്പിംഗ് കോംപ്ലക്സ്/വാടകക്കുള്ള കെട്ടിടങ്ങൾ- അപാകതകൾ | 2-3 | |
| | ഭാഗം - 3 | | |
| 15 | നെയിം ബോർഡ് സ്ഥാപിക്കാതെ തുക നൽകി | 3-1 | |
| 16 | ഫോം വർക്കിന് അധിക നിരക്ക് നൽകി-നഷ്ടം 64136/- | 3-2 | |
| 17 | കൂടിയ ഇനം പെയിന്റിന്റെ നിരക്ക് ഉൾപ്പെടുത്തി അധിക തുക നൽകി | 3-3 | |
| 18 | പെയിന്റിംഗിന് അധിക നിരക്ക് നൽകി | 3-4 | |
| 19 | ടെണ്ടർ കിഴിവ് കണക്കാക്കിയതിൽ കുറവ്-നഷ്ടം 4048/- | 3-5 | |
| 20 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ | 3-6 | |
| 21 | കാലിത്തൊഴുത്ത് നിർമ്മാണം - അപാകതകൾ | 3-7 | |
| 22 | കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയില്ല – സർക്കാരിന് നഷ്ടം 31921.50 | 3-8 | |

| | | | |
|---|---|---|---|
| | | | |
| 23 | ഓഡിറ്റോറിയം വാടക തനത് ഫണ്ട് ചെലവ് അംഗീകരിക്കുന്നില്ല | 3-9 | |
| 24 | ക്വട്ടേഷൻ ക്ഷണിക്കാതെ പ്രവൃത്തി നടത്തി-തുക തടസ്സം ചെയ്യുന്നു. | 3-10 | |
| 25 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-11 | |
| 26 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-12 | |
| 27 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു. | 3-13 | |
| 28 | ജലസേചന പമ്പ് സെറ്റ് വിതരണം-ലക്ഷ്യം കൈവരിച്ചില്ല | 3-14 | |
| 29 | എ.എ.വൈ ഭവനപദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-15 | |
| 30 | ഐ.കെ.എം-ന് വിഹിതം നൽകൽ - കൈപ്പറ്റ് രസീതില്ല | 3-16 | |
| 31 | തൊഴിൽ രഹിത വേതനം - ചെലവായതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു. | 3-17 | |
| 32 | ആശ്രയ പദ്ധതി - ഫണ്ട് വകമാറ്റി ചെലവഴിച്ചു | 3-18 | |
| 33 | ഫണ്ട് വകമാറ്റി ചെലവഴിച്ചു. | 3-19 | |
| | ഭാഗം - 4 | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015–16 വർഷത്തെ ബജറ്റ് 28.02.2015-ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ആകെ വരവ് 18142173/-രൂപയും ആകെ ചെലവ് 180280873/- രൂപയുമാണ് ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 14.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2015 – 16 | 14.07.2016 | - |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 27675780 |
| വരവ് | : | 59788297 |
| ആകെ | : | 87464077 |
| ചെലവ് | : | 81382841 |
| നീക്കിയിരിപ്പ് | : | 6081236 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 3484759 | 6862884 | 10347643 | 10345023 | 2620 | 99.97 |
| വികസന ഫണ്ട് എസ്.സി.പി | 1633693 | 3458960 | 5092653 | 5092653 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി | 3455665 | 5223632 | 8679297 | 8679297 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1655395 | 10557629 | 12213024 | 12213024 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1341179 | 2724224 | 4065403 | 4065403 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3614947 | 10621873 | 14236820 | 14236820 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 6417546 | 2075230 | 8492776 | 8492776 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ് | 0 | 756445 | 756445 | 756445 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 1209882 | 1209882 | 1209882 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4378848 | 8212874 | 12591722 | 12591722 | 0 | 100 |
| തനത് ഫണ്ട് | 5289751 | 5539474 | 10829225 | 10829225 | 0 | 100 |
| ഇംപ്രസ്റ്റ് | 0 | 0 | 0 | 0 | 0 | 100 |
| സാക്ഷരത | 2650 | 17520 | 20170 | 20170 | 0 | 100 |
| ക്യാഷ് ഇൻ- ഹാൻഡ് | 96561 | 0 | 96561 | 0 | 169702 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 109906999 | 189 | 67070457 | 0 | 29 | 86.7 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം (2014-15) | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| വിനോദ നികുതി | - | - | - | - |
| തൊഴിൽ നികുതി | 2190030 | 2375408 | 185378 | 8.46 |
| കെട്ടിട നികുതി | 3342648 | 1898848 | -1443800 | -43.2 |
| *നികുതിയേതര വരവുകൾ* | | | | |

| | | | | |
|---|---|---|---|---|
| ലേലം (MARKET) | 20650 | 18650 | 2000 | 9.6 |
| ഷോപ്പിംഗ് കോംപ്ലക്സ് | 461283 | 529732 | -68449 | -14.8 |
| ഡി & ഒ ലൈസൻസ് | 123150 | 93700 | -29450 | -23.9 |
| മറ്റ് വരവുകൾ | 34766 | 121661 | 86895 | 249 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 711840 | 545 |
| കർഷകത്തൊഴിലാളി പെൻഷൻ | 4080660 | 569 |
| വിധവാ പെൻഷൻ | 13130240 | 1440 |
| വാർദ്ധക്യകാല പെൻഷൻ | 12172200 | 1951 |
| വികലാംഗ പെൻഷൻ | 2669905 | 302 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 390000 | 25 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 549000 | 61 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1413/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം:

നിർവ്വഹണ ഉദ്യോഗസ്ഥർ TRTA പ്രകാരമുള്ള ക്യാഷ് ബുക്ക്, Form No.B-5 പ്രകാരമുള്ള പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| പെർഫോമൻസ് ഓഡിറ്റ് | 19.10.2016 | 31.08.16 | ലഭിച്ചില്ല |
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 05.12.12 മുതൽ 22.12.12 വരെ | 2011-12 | ഏപ്രിൽ 2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകത

തൊഴിൽ നികുതി ഈടാക്കുന്നതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. തൊഴിൽ നികുതി രജിസ്റ്ററിൽ 2-ാം അർദ്ധ പകുതിയിലെ നികുതി ഈടാക്കിയ ജീവനക്കാരുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
2. അർദ്ധ വാർഷിക വരുമാന പകുതിയിൽ ജീവനക്കാരുടെ HRA ഒഴിച്ചുള്ള എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തുന്നില്ല. ഉദാ: ഗവ.ജീവനക്കാരുടെ DA കുടിശ്ശിക, E/L സറണ്ടർ, ഉത്സവബത്ത മുതലായവ.
3. വരുമാനത്തിനനുസരിച്ച് നികുതി ഈടാക്കിയില്ല.

| ക്രമ നം. | ജീവനക്കാരൻ | സ്ഥാപനം | അർദ്ധവർഷം/ ആകെ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | രാജീവ് | ഡ്രൈവർ, ജഴ്സി ഫാം | I, 127468 | 1000 | 1250 | 250 |
| 2 | ജയലക്ഷ്മി | P.O, SBT വിതുര | I, 197970 | 750 | 1250 | 500 |
| 3 | തുളസീഭായി | PTS, കൃഷിഭവൻ | I, 75000 | 600 | 750 | 150 |
| 4 | അരുൺ | ക്ലർക്ക്, മണപ്പുറം ഫിനാൻസ് | I, 53454 | 300 | 450 | 150 |
| 5 | വിജി.പി | ക്ലർക്ക്, ഇൻഡ്യൻ ബാങ്ക് | II, 143034 | 1000 | 1250 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 6 | നിതീഷ് | ക്ലർക്ക്,ഇൻഡ്യൻ ബാങ്ക് | II, 137250 | 1000 | 1250 | 250 |
| 7 | സന്ധ്യാദേവി | ജൂനിയർ അസിസ്റ്റന്റ്, KSRTC | II, 129996 | 1000 | 1250 | 250 |
| 8 | തുളസിദാസ് | കണ്ടക്ടർ, KSRTC | II, 101688 | 750 | 100 | 250 |
| ആകെ | | | | | | 2050 |

ഓഡിറ്റ് എൻക്വയറി 18-ൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. അപാകതകൾ പരിഹരിക്കാമെന്നും നികുതി കുറവ് വന്ന സ്ഥാപന മേധാവികളെ വിവരം അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കുറവ് വന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 പണം പിൻവലിക്കൽ - രേഖകൾ ആധികാരികമല്ല.

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് പിൻവലിക്കലുകൾ സംബന്ധിച്ച് ആധികാരികമായ പരിശോധന നടത്തുന്നതിനുതകുന്ന രേഖകൾ ലഭ്യമാക്കാത്തതിനാൽ പണം പിൻവലിക്കലുകൾ പൂർണ്ണമായും പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിതുര സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ബാങ്ക് സ്റ്റേറ്റുമെന്റിൽ ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10-ന് ലഭ്യമാക്കിയ മറുപടിയിൽ ടി സ്റ്റേറ്റുമെന്റ് അടുത്ത ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ്/വാടകക്കുള്ള കെട്ടിടങ്ങൾ–അപാകതകൾ

പഞ്ചായത്തിന്റെ അധീനതയിലെ ഷോപ്പിംഗ് കോംപ്ലക്സും വാടക കെട്ടിടങ്ങളുടെയും വാടക പിരിവിൽ വേണ്ട ശ്രദ്ധ നൽകുന്നില്ല. വാടകയിനത്തിൽ 2,49,201/-രൂപ കുടിശ്ശികയാണ്. വാടകക്കാരുമായി കരാറിൽ ഏർപ്പെടുന്നില്ല. ഇത് കാരണം നിയമ നടപടികൾ വാടക കുടിശ്ശികക്കാർക്കെതിരെ സ്വീകരിക്കുക അപ്രായോഗികമാണ്. ഡെപ്പോസിറ്റ് സ്വീകരിച്ചതായും കാണുന്നില്ല. കടമുറികളുടെ വാടക കാലികമായി പരിഷ്കരിച്ചിട്ടില്ല. ഉദാ: വിതുര ഷോപ്പിംഗ് കോംപ്ലക്സിലെ 4-ാം നമ്പർ കടമുറി വാടക 980/-രൂപയാണ്. റൂം നം.1-ന് 315/-രൂപ. മുൻവർഷ റിപ്പോർട്ടിലും ഈ വിഷയം ചൂണ്ടിക്കാട്ടിയിരുന്നു. വാടക ശാസ്ത്രീയമായി പരിഷ്കരിക്കാത്തത് സാമ്പത്തിക ശോഷണം വരുത്തിവയ്ക്കുന്നു. വാടക കുടിശ്ശിക വരുത്തിയവരെ ഉടൻതന്നെ ഒഴിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും കാലാനുസൃതമായി വാടക പരിഷ്കരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നെയിം ബോർഡ് സ്ഥാപിക്കാതെ തുക നൽകി.

40 മരാമത്ത് പ്രവർത്തികൾക്ക് 5512/-രൂപ നിരക്കിൽ ഗ്രാനൈറ്റ് നെയിം ബോർഡുകൾ സ്ഥാപിക്കുന്നതിന് തുക നൽകിയിട്ടുണ്ട്. 8 പ്രവർത്തികളുടെ സ്ഥലപരിശോധന നടത്തിയതിൽ 2 പ്രവർത്തികൾക്ക് മാത്രമാണ് ബോർഡ് സ്ഥാപിച്ചിട്ടുള്ളത്. ബോർഡുകൾ സ്ഥാപിക്കാത്ത പ്രവർത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക/ കൺവീനർ | ചെലവ് തുക/ എം.ബുക്ക് നം. | ഇനം.നം. | നൽകിയ തുക |
|---|---|---|---|---|---|
| 1 | മണലി കൈചൂണ്ടി ക്ഷേത്രം റോഡ് കോൺക്രീറ്റ് (41/16) | 400000 (വി.ഫ) TSP മോഹനൻ | 400000 (ബിൽ നം. 40/15.9.15) 116/15-16 | 4 | 5512 |
| 2 | മൂന്ന് മുക്ക് എലിക്കോണം റോഡ് കോൺക്രീറ്റ് (109/16) | 300000 (വി.ഫ) ദിജേന്ദ്രലാൽ | 300000 (30/24.8.15)224 /15-16 | 4 | 5512 |
| 3 | ഹോസ്പിറ്റൽ ജംഗ്ഷൻ കോട്ടിയത്തറ റോഡ് ടാറിംഗ് (197/16) | 300000 (മെ.ഗ്രാ.) സി.കുമാരൻ കരാറുകാരൻ 7.5% കുറവ് | 277346 80/21.1.16 110/15-16 | 6 | (6639- ടെണ്ടർ കുറവ്) 6141 |
| 4 | തള്ളച്ചിറ ബൈലയിൻ കോൺക്രീറ്റ് (75/16) | 400000 (വി.ഫ) ഓമനഅമ്മ | 400000 (12/31.7.15) 106/15-16 | 4 | 5512 |
| 5 | മക്കി നാല് സെന്റ് കോളനി സൈഡ്വാൾ (127/16 | 499900 (മെ.ഗ്രാ.) സുഷമ | 499900 (18 & 21/24.8.15) 129/15-16 | 11 | 5512 |
| 6 | മരുതിമൂട് കോളനി റോഡ് സൈഡ്വാൾ (50/16) | 300000 (മെ.ഗ്രാ.) പുഷ്കരൻ നായർ | 300000 (23/20.8.15) 126/15-16 | 8 | 5512 |

| | |
|---|---|
| ആകെ | 33701 |

ഓഡിറ്റ് എൻക്വയറി 17-ന് മറുപടി നൽകിയിട്ടില്ല. ചെയ്യാത്ത പ്രവർത്തിക്ക് തുക നൽകിയത് അംഗീകരിക്കുന്നില്ല. നഷ്ട തുക
ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഫോം വർക്കിന് അധിക നിരക്ക് നൽകി-നഷ്ടം 64136/-

Centering and shuttering including strutting, propping etc. and removel of form-ന് വിവിധ ഇനങ്ങൾക്ക് DSR പ്രകാരം വിവിധ നിരക്കുകളാണ് അനുവദനീയം എന്നാൽ 5-9 മുതൽ നിരക്കുകൾ മാറ്റി നൽകിയതുമൂലം നഷ്ടം സംഭവിച്ചു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. നിരക്കുകൾ

| ക്രമ നം. | DSR കോഡ് | ഐറ്റം | നിരക്ക്/1m$^2$ | |
|---|---|---|---|---|
| | | | കരാറുകാരൻ | കൺവീനർ |
| 1 | 5.9.1 | Foundating, footing bases of columns etc | - | 244 |
| 2 | 5.9.2 | Walls (any thickness) | 515.46 | 448.22 |
| 3 | 5.9.6 | Columns, Pilllars, Abutment etc. | 647.68 | 563.20 |

| ക്രമ നം. | പദ്ധതി | അടങ്കൽ തുക | ചെലവ് തുക | കൺവീനർ/ കരാറുകാരൻ എം.ബുക്ക് നം. | ഇനം. നം/ഇനം | ഫോം വർക്കിന് നൽകിയ അളവ്/നിരക്ക്/ തുക | നൽകേണ്ട നിരക്ക്/തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | നെട്ടയം കല്ലൻകുടി റോഡിൽ ഓട നിർമ്മാണം (210/16) | 240593 (മെ.ഗ്രാ) | 240593 (9/30.7.15) | ഗിരീഷ് കാണി 101/15-16 | 4 a, b 1:3:6cc 0.55 ഉയരത്തിൽ ഓട | 98 m$^2$ @ 448.22/m$^2$ = 43926 (DSR 5.9.2) | 98m$^2$ @ 244/m$^2$ = 23912 (DSR 5.9.1) | 20014 |
| 2 | മക്കി 4 സെന്റ് കോളനി സംരക്ഷണ ഭിത്തി (127/16) | 499900 (വി.ഫ + മെ.ഗ്രാ) | 350000 (21/24.8.15) 149900 (18/24.8.15 | സുഷമ 129/15-16 | 6 a, b 17.40 നീളത്തിൽ ഭിത്തി നിർമ്മാണം 1:3:6cc | 79 m$^2$ @ 563.20/m$^2$ = 44492.80 (DSR 5.9.6) | 79m$^2$ @ 448.22/m$^2$ = 35409 (DSR 5.9.2) | 9083 |
| 3 | വാവുപുര തോട്ടിൽ പാലം പൂർത്തീകരണം (233/16) | 750000 (വി.ഫ + മെ.ഗ്രാ) | 748198 (98/15.2.16) | ജയകുമാർ.N 0.05% കുറവ്) 565/15-16 | 4 a, b 1:3:6 cc സൈഡ്വാൾ | 23.76 m$^2$ @ 647.68/m$^2$ = 15388.87 (DSR 5.9.6) | 23.76m$^2$ @ 515.46 = 12247 (DSR 5.9.2) | 3140 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | ചിറ്റാർ എട്ടേക്കർ കിഴക്കേ കിടാലം റോഡ് സൈഡ്‌വാൾ (177/16) | 1000000 (W.B) | 822438 (74/31.12.15) | ഷിബു (17.6% കുറവ്) 515/15-16 | എസ്റ്റാ ഇനം 1 1:3:6 cc സംരക്ഷണ ഭിത്തി | 31.85 $m^2$ @ 647.68/$m^2$ = 20628.60 (DSR 5.9.6) | 31.85 $m^2$ @ 515.46 = 16417.40 (DSR 5.9.2) | 3469 (ടെണ്ടർ കുറവ് കഴിച്ച്) |
| 5 | ഇരപ്പപ്പാറ പട്ടികജാതി കോളനി സൈഡ്‌വാൾ നിർമ്മാണം (51/16) | 499100 (വി.ഫ. SCP) | 305832 (48/30.9.15) 193268 (73/14.1.16) | അജിത്ത് (കൺവീനർ) 250/15-16 | ഇനം.4 1:3:6 cc സൈഡ്‌വാൾ | 77.94 $m^2$ @ 515.46/$m^2$ = 40175 (DSR 5.9.2-ലെ കരാറുരാരന്റെ നിരക്ക്) | 77.94$m^2$ @ 448.22 = 34934 (DSR 5.9.2-ലെ കൺവീനറുടെ നിരക്ക്) | 5241 |
| 6 | പ്രിയദർശിനി നഗർ 4 സെന്റ് കോളനി ഇടവഴി കോൺക്രീറ്റിംഗ് (34/16) | 208137 (മെ.ഗ്രാ) 241863 (വി.ഫ) | 205717 (142/31.3.16) 241863 (143/31.3.16) | സുരേഷ് 792/15-16 | 4 a, b 1:3:6 cc സൈഡ് വാൾ | 65 $m^2$ @ 563.20 = 36608 (5.9.6-ലെ നിരക്ക്) | 65 $m^2$ @ 448.22 = 29134 (5.9.2-ലെ നിരക്ക്) | 7474 |
| 7 | ഊഞ്ചമൺ പുറം റോഡ് സെഡ് വാൾ (209/16) | 250000 (മെ.ഗ്രാ) 240000 (ബ്ലോക്ക്) | 490000 (49/18.9.15) | രമേശൻ നായർ 283/15-16 | 8 a, b 1:3:6 cc സൈഡ് വാൾ | 18.57 $m^2$ @ 563.20 = 10458.62 (5.9.6-ലെ നിരക്ക്) | 18.57 $m^2$ @ 448.22 = 8323 (5.9.2) | 2135 |
| 8 | ചായം ക്ഷേത്രനട ഗണപതിയാംകോട് റോഡ് (32/16) | 300000 (വി.ഫ) | 299596 (124/23.3.16) | മുരുകൻ 581/15-16 | 4 a, b 1:3:6 cc ഓട | 39.305 $m^2$ @ 563 = 22136.57 (5.9.6-ലെ നിരക്ക്) | 39.305 $m^2$ @ 244 = 9592 (5.9.1-ലെ നിരക്ക്) | 12544 |
| 9 | മരുതുംമൂട് കോളനി റോഡിൽ സൈഡ് വാൾ (50/16) | 300000 (വി.ഫ) | 300000 (23/20.8.15) | പുഷ്കരൻ നായർ 126/15-16 | 4 a, b 1:3:6 cc സൈഡ് വാൾ | 25 $m^2$ @ 563.20 = 14080 (5.9.6) | 25 $m^2$ @ 448.22 = 11205 (5.9.2) | 2875 |
| ആകെ | | | | | | | | 65975 |

നഷ്ടതുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 17-ൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭിച്ചിട്ടില്ല.

## 3-3 കൂടിയ ഇനം പെയിന്റിന്റെ നിരക്ക് ഉൾപ്പെടുത്തി അധിക തുക നൽകി.

DSR ഇനം 14.65.2-ൽ Finishing walls with textured exterior paint for required shade .....എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയും എം.ബുക്കിൽ രേഖപ്പെടുത്തിയും അധിക തുക നൽകി. textured paint എന്നാൽ "a paint of heavy consistency and coarse grain consisting usualy of Gypsm and sand with water thinned binded and used for creating a rough patterned effect of wall" എന്ന് നിർവ്വചിക്കാം. ഈ ഇനം ....CE -യുടെ സർക്കുലർ പ്രകാരം അനുവദനീയവുമല്ല. സ്ഥലപരിശോധനയിൽ കുറഞ്ഞ ഇനം plastic emulsion paint ആണ് ഉപയോഗിച്ചിട്ടുള്ളതായി കണ്ടത്. അനുവദിക്കാവുന്ന നിരക്ക് 14.53.1 പ്രകാരമുള്ള തുകയാണ്, അതായത് 75/m$^2$. വിശദ വിവരം ചുവടെ ചേർക്കുന്നു. (സ്ഥലപരിശോധനാ റിപ്പോർട്ട് ഫയലിലുണ്ട്).

*1) പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഊട്ടുപുര പുനരുദ്ധാരണം*

പ്രോജക്ട് നം. - 77/16

അടങ്കൽ - 500000 വി.ഫ.(ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ചെലവ് തുക - 419000 (ബിൽ നം.128/23.3.16)

കരാറുകാരൻ - ജയകുമാർ (16.2% കുറവ്)

എം.ബുക്ക് നം. - 433/15-16, 578/15-16

ഇനം 6-ൽ പെയിന്റിംഗിന് നൽകിയ തുക 559.23 m$^2$ @ 108.29 = 60559/-രൂപ

നൽകേണ്ട തുക - 559.23m$^2$ @ 75/m$^2$ = 41942/-രൂപ

അധികം നൽകിയ തുക - 60559 – 41942 = 18617

ടെണ്ടർ കുറവ് കഴിച്ചുള്ള തുക = 18617 – 3016 = 15601/-രൂപ

=========

*2) വിതുര യു.പി.എസ്. പുനരുദ്ധാരണം*

പ്രോജക്ട് നം. - 226/16

അടങ്കൽ തുക - 500000 (മെ.ഗ്രാ. നോൺ റോഡ്)

ചെലവ് തുക - 457534 (ബിൽ നം.52/13.11.16)

കരാറുകാരൻ - ജയകുമാർ (8.1 % കുറവ്)

എം.ബുക്ക് നം. - 433/15-16

ഇനം 6-ൽ പെയിന്റിംഗിന് നൽകിയ തുക 3756 m$^2$ @ 108.29 = 406737/-രൂപ

നൽകേണ്ട തുക - 3756 m$^2$ @ 75/m$^2$ = 281700/-രൂപ

അധികം നൽകിയ തുക = 125037

ടെണ്ടർ കുറവ് കഴിച്ചുള്ള തുക = 125037 – 10128 = 114909/-രൂപ

====

ആകെ അധികം നൽകിയ 130510/-രൂപ (15601 + 114909) ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 17-ന് മറുപടി ലഭ്യമാക്കിയില്ല.

## 3-4 പെയിന്റിംഗിന് അധിക നിരക്ക് നൽകി.

DSR ഇനം 14.53.1 പ്രകാരം - wall painting with plastic emulsion paint using approved brand and manufacture of required colour to give an even shade one or more coats on old work എന്ന് ഇനത്തിന് നൽകേണ്ട നിരക്ക് 75/m$^2$

ആണ്. എന്നാൽ ടി ഇനത്തിന് DSR 14.65.2 -ലെ 108.29/$m^2$ നിരക്ക് നൽകിയതു വഴി 38754/-രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി - എ.ഇ, വി.ഇ.ഒ. ഓഫീസ് പെയിന്റിംഗ് & അറ്റകുറ്റപ്പണി

പ്രോജക്ട് നം. - 79/16 അടങ്കൽ തുക - 200000 (മെ.ഗ്രാന്റ്)

ചെലവ് തുക - 175490 (ബിൽ നം.72/31.12.15)

കരാറുകാരൻ - എൻ.ജയകുമാർ (11.5% കുറവിന്)

എം.ബുക്ക് നം. - 491/15-16

ടി പദ്ധതിയിൽ ഇനം.6-ൽ wall painting wigh plastic emulsion paint ...... old work- 1315.41 $m^2$ @ 108.29/$m^2$= 142445.75 രൂപ നൽകി (എം.ബുക്ക് പേജ് 33)

എന്നാൽ നൽകേണ്ട തുക - 1315.41 $m^2$ @ 75/$m^2$ = 98655.75 രൂപയാണ്.

അധികം നൽകിയത് - 43790 (142445.75 – 98655.75)

ടെണ്ടർ കുറവ് കഴിച്ചുള്ള തുക = 43790 – 11/100 x 43790 = 43790 – 5036 = 38754/-രൂപ

=========

നഷ്ട തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി
ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം.17-ന്) മറുപടി ലഭ്യമാക്കിയില്ല.

## 3-5 ടെണ്ടർ കിഴിവ് കണക്കാക്കിയതിൽ കുറവ് - നഷ്ടം - 4048/-രൂപ

പദ്ധതി - ബോണക്കാട് സ്കൂൾ റോഡിൽ കോൺക്രീറ്റ് ഓട നിർമ്മാണം

പ്രോജക്ട് നം. - 39/16

അടങ്കൽ - 1350000 ( 700000/- വി.ഫ., 650000/- മെ.ഗ്രാ.)

ചെലവ് തുക - മെ.ഗ്രാ. - 577533 (ബിൽ നം.104/19.02.16)

വി.ഫ. - 557776 (ബിൽ നം.105/19.02.16)

എം.ബുക്ക് - 566/15-16

ടി പദ്ധതിയുടെ ടെണ്ടർ 10.8% കുറവ് ക്വാട്ട് ചെയ്ത ശ്രീ.ജയകുമാറിനാണ് ലഭിച്ചിരുന്നത്.ബിൽ തയ്യാറാക്കിയപ്പോൾ 10.5% മാണ് കുറവ് ചെയ്തത്.

ആകെ പ്രവർത്തിമൂല്യം - 1349470

- ടെണ്ടർ കുറവ് (10.5%) - 141694

1207776/-രൂപയാണ് ബിൽ നൽകിയത്.

ടെണ്ടർ കുറവ് വരുത്തേണ്ട തുക = 10.8% of 1349470 = 145742

കുറവ് വരുത്തിയത് = 141694

അധികം = 4048

======

4048/-രൂപ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 17-ന് മറുപടി ലഭിച്ചിട്ടില്ല.

## 3-6 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

### പാലിയേറ്റീവ് പരിചരണം

ഈ പ്രോജക്ടിന് ആകെ 4,82,439/-രൂപ വിവിധ ഇനങ്ങളിലായി ചെലവഴിച്ചു. ഇനം തിരിച്ച് ചുവടെ,

വാഹന ചെലവ് - 2,16,803

ഭക്ഷണ ചെലവ് - 29,402

വേതനം - 57,258

സ്റ്റേഷണറി - 3,235

ഹോം കെയർ ഉപകരണം - 4,725

ഫോൺ അലവൻസ് - 1,450

മെഡിസിൻ - 95,000

യൂണിഫോം - 47,117

വാളണ്ടിയർ പരിശീലനം - 7,624

കുടുംബ സംഗമം - 19,825

4,82,439

======

അപാകതകൾ

*I. യൂണിഫോം വാങ്ങി വിതരണം - തുക നിരാകരിക്കുന്നു.*

സബ് വൗച്ചർ 82/2015-16 47116/-രൂപ പാലിയേറ്റീവ് കെയർ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ (സ.ഉ.എം.എസ്.228/2012 തസ്വഭവ. തീയതി. 23.08.2012 സ.ഉ.GORT 3217/2015 LSGD തീയതി. 29.10.15) വാളണ്ടിയർമാർക്ക് യൂണിഫോം വാങ്ങി നൽകാനായി തുക വിനിയോഗം അനുവദനീയമല്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 28.08.2015-ലെ I (1)-ാം നമ്പർ തീരുമാന പ്രകാരം നോവൽറ്റി ടെക്സ്റ്റയിൽ പഴവങ്ങാടി, കിഴക്കേകോട്ട എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് 47116/- രൂപ യൂണിഫോമിനായി ചെലവഴിച്ചിട്ടുണ്ട്. നോവൽറ്റി ടെക്സ്റ്റയിൽസ് തിരുവനന്തപുരത്തിന്റെ 19.09.2015-ലെ 1101 നമ്പർ ഇൻവോയ്സ് പ്രകാരം 725/- രൂപയുടെ 30 സാരികൾ, 390/-രൂപയുടെ 30 സാരികൾ 440/-രൂപയുടെ 30 സാരികൾ എന്നിങ്ങനെ നൽകിയിട്ടുള്ളതിന് ടാക്സ് ഉൾപ്പെടെ 47116/-രൂപ നൽകി. (ചെ.നം.706442 തീ.29.09.16)മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ യൂണിഫോമിനായി ചെലവഴിച്ച 47116/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

*II. വണ്ടി വാടക – അധികം തുക നൽകി.*

പാലിയേറ്റീവ് കെയർ വാഹനം ഓടിയ ഇനത്തിൽ വൻതുക ദിവസേന ചെലവഴിച്ചതായി കാണുന്നു. യഥാർത്ഥ ദൂരത്തേക്കാൾ
കൂടുതൽ ഓടിയതായി ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി.

ചില ഉദാ:

1) 26.03.2016

വിസിറ്റിങ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥലങ്ങളിലെ 8 രോഗികളെ സന്ദർശിച്ചു.

പഞ്ചായത്ത്/CHC -ൽ നിന്നുള്ള ദൂരം വിസിറ്റ് രജിസ്റ്റർ പേജ്

ചായം - 2 km. (5 രോഗികൾ) (42 – 43)

ചെറ്റച്ചൽ - 5 km. (1 രോഗി)

കാലംകാല് - 3 km. (1 രോഗി)

ഇതെല്ലാം ഒരേ റൂട്ടിലാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു. എന്നാൽ അന്നേ ദിവസം 87km ഓടിയതായി ട്രിപ്പ് ഷീറ്റിൽ
കാട്ടി 1280/-രൂപ കൈപ്പറ്റി. (സബ് വൗച്ചർ നം.18/16) ഈ തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2) 15.01.16

വിസിറ്റിങ് രജിസ്റ്റർ പ്രകാരം എങ്ങും വിസിറ്റ് ചെയ്തിട്ടില്ല. എന്നാൽ സബ് വൗച്ചർ 141/2015-16 പ്രകാരം 2540/-രൂപ വണ്ടി
വാടകയായി നൽകി. ട്രിപ്പ് ഷീറ്റ് പ്രകാരം മേമല, തള്ളച്ചിറ തുടങ്ങിയ സ്ഥലങ്ങളിൽ പോയതായി പറയുന്നു. (വണ്ടി നം.KL01K3716 തീയതി.15.1.16) വണ്ടി ഓടാതെ വണ്ടി വാടക ഇനത്തിൽ വാങ്ങിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

3) 16.10.15 സബ് വൗച്ചർ. 10.1.15

ട്രിപ്പ് ഷീറ്റിൽ വങ്കാല, മേമല, ഉരുളുകുന്ന് പൊടിയത്താല, പാതിരിക്കോട്, കരിപ്പല്ലൂർ തുടങ്ങി നിരവധി സ്ഥലങ്ങളുടെ പേരെഴുതി 112 കി.മീ ഓടിയതായി രേഖപ്പെടുത്തി 1520/-രൂപ വാടകയിനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ മേമല, തള്ളച്ചിറ, പാതിരിക്കോട് എന്നിവിടങ്ങളിൽ പോയതായാണ് (3 രോഗികൾ) വിസിറ്റിങ് രജിസ്റ്ററിൽ കാണുന്നത്.

മേമല - 3.1 km

പാതിരിക്കോട് - 20 km

തള്ളച്ചിറ - 2.7 km

ആകെ - 25.8 km say 30 km

ആകെ 60 കി.മീ.ദൂരം വാഹനം ഓടിയതിന് 112 കി.മീ.-ന്റെ ചാർജ് വാങ്ങിയിട്ടുണ്ട്. ഈ തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

4) താഴെപ്പറയുന്ന ദിവസങ്ങളിൽ വണ്ടി ഓടിയതിനുള്ള വാടക വാങ്ങിയിട്ടുണ്ടെങ്കിലും visiting register പ്രകാരം അന്നേ ദിവസങ്ങളിൽ യാത്ര നടത്തിയിട്ടില്ല. (KL01X 3716)

| തീയതി | സബ് വൗച്ചർ നം. | തുക |
|---|---|---|
| 16.02.16 | 148/2015-16 | 970 |
| 24.02.16 | 151/2015-16 | 820 |
| 26.02.16 | 153/2015-16 | 1900 |
| 10.03.16 | 154/2015-16 | 1060 |
| | ആകെ | 4750 |

ആയതിനാൽ ഈയിനത്തിലെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഉപ ഖണ്ഡിക (1) (3) എന്നിവ പ്രകാരം ആകെ 2800/-രൂപ തടസ്സത്തിലും ഖണ്ഡിക (3) (4) പ്രകാരം ആകെ 7290/-രൂപ നിരാകരണത്തിലും പെടുത്തുന്നു. നിരാകരിച്ച തുക ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. തടസ്സത്തിൽപ്പെടുത്തിയ തുകക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, മറിച്ചായാൽ ടി തുകയും നഷ്ടമായി കണക്കാക്കി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 കാലിത്തൊഴുത്ത് നിർമ്മാണം - അപാകതകൾ

വെറ്ററിനറി സർജൻ - നിർവ്വഹണോദ്യോഗസ്ഥൻ

ജി.ഒ.എം.എസ്.362/2013.തസ്വഭവ. തീയതി.16.11.2013-ലെ വ്യവസ്ഥകളനുസരിച്ച് കുടുംബ വാർഷിക വരുമാനം 50,000/-രൂപയിൽ കവിയാത്ത നാമമാത്ര ചെറുകിട കർഷകർക്ക് മുൻഗണന നൽകിയാണ് കാലിത്തൊഴുത്ത് നിർമ്മാണം നടത്തേണ്ടത്. കൂടാതെ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വേ നമ്പരിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്ററിനറി സർജൻ സർട്ടിഫൈ ചെയ്യണം. കൂടാതെ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം. എന്നാൽ എസ്റ്റിമേറ്റോ, വെറ്ററിനറി സർജന്റെ 10 വർഷത്തിനുള്ളിൽ തൊഴുത്ത് നിർമ്മിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റോ ഇല്ലാതെയാണ് ആനുകൂല്യം നൽകിയത്. ഗുണഭോക്തൃലിസ്റ്റ് പ്രകാരമാണോ ആനുകൂല്യം നൽകിയതെന്ന് ഓഡിറ്റ് എൻക്വയറി (15) നൽകിയതിന് അതെ എന്ന മറുപടി നൽകിയെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്കായി ഹാജരാക്കിയില്ല. പലപ്പോഴും വാർഡ് മെമ്പറുടെ ശുപാർശ പ്രകാരം ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാ ക്രമം തെറ്റിച്ച് ആനുകൂല്യം നൽകിയിട്ടുണ്ട്. ഉദാ. അമ്പിളി, ദർഷയിൽ ആറ്ററികത്ത് വീട്, സതികുമാരി, ശ്രീമിലായം, നെട്ടയം. ഗുണഭോക്തൃലിസ്റ്റിലുള്ളവരെ ഒഴിവാക്കുന്നതിന് മുൻപ് അവർക്ക് ആനുകൂല്യം ആവശ്യമില്ല എന്ന സമ്മതപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ, പുതുക്കിയ ലിസ്റ്റന് ഗ്രാമസഭയിൽ അംഗീകാരം നേടുകയോ ചെയ്തിട്ടില്ല.

ഫീൽഡ് വിസിറ്റ്

ആനുകൂല്യം കൈപ്പറ്റിയ ചില ഗുണഭോക്താക്കളുടെ തൊഴുത്ത് നിർമ്മിച്ചിട്ടുള്ളത് 21.11.16-ൽ നേരിട്ട് സന്ദർശിച്ചപ്പോൾ മിക്ക
ഇടത്തും പശു ഇല്ലായെന്നും, തൊഴുത്തിന് പകരം വർക്ക് ഏര്യയായി നിർമ്മിക്കുവാൻ പഞ്ചായത്തിന്റെ ആനുകൂല്യം വിനിയോഗിച്ചതായും കണ്ടു. വിശദാംശം ചുവടെ.ക്രമ നം.

| | പേര് | കണ്ടെത്തിയ അപാകത | ബിൽ നം. | നിരാക രിക്കുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഷീല,<br>വട്ടക്കരിക്കകം,<br>ശാസ്താംകാവ് | 2 വർഷമായി തൊഴുത്ത് നിലവിലു ണ്ടെന്നും, പഞ്ചായത്ത് തന്ന പൈസ ഇതിനായി വിനിയോഗിച്ചിട്ടില്ലെന്നും ഗുണഭോക്താവ് പറഞ്ഞു. പരിശോധന യിൽ ബോധ്യപ്പെട്ടു. | 02/15-16<br>തീ.09.09.15 | 10000 |
| 2 | സുജാത.കെ,<br>അജിത് ഭവൻ,<br>പൊന്നാംചുണ്ട് | ഗുണഭോക്താവിന് പശുവില്ല. ഷെഡ് out house ആയി തുണിയും പാത്രങ്ങളും അടുക്കള സാധനങ്ങളും സൂക്ഷിച്ചിരി ക്കുന്നു. | ചെ.നം.456996<br>തീ.28.03.16 | 10000 |
| 3 | മേരിഭായി,<br>മിഥുൻ ഭവൻ,<br>പൊന്നാംചുണ്ട്. | ഗുണഭോക്താവിന് പശുവില്ല. ഷെഡിൽ തടികളും മറ്റ് സാമഗ്രികളും സൂക്ഷിച്ചി രിക്കുന്നു. ഒരു പശുവിന് കയറാൻ പറ്റാത്ത വാതിൽ ഇട്ട് പൂട്ടിയിരിക്കുന്നു. | ചെ.നം.067039<br>തീ.30.03.16 | 10000 |
| ആകെ | | | | 30000 |

പ്രോജക്ട് ലക്ഷ്യത്തിന് വിരുദ്ധമായി ചെലവഴിച്ച 30,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ 10.11.2013-ലെ 362/
2013-ാം നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ പദ്ധതിക്കായി ചെലവ് ചെയ്ത 2,00,000/-രൂപ
ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയില്ല – സർക്കാരിന് നഷ്ടം 31921.50

2003-ലെ കേരള മൂല്യ വർദ്ധിത നികുതി നിയമം സെക്ഷൻ 10(1) പ്രകാരം എല്ലാത്തരം കരാർ പ്രവർത്തികളുടെ ബില്ലിൽ നിന്നും നിയമ പ്രകാരം ഉള്ള നികുതി അവാർഡർ സ്രോതസ്സിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾ പരിശോധിച്ചതിൽ കരാറുകാരനിൽ നിന്ന് നികുതി ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ല.

a) പ്രോജക്ട് നം. - S0145/15-16

പേര് - സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (സ്പിൽ ഓവർ)

ബിൽ നം. - A2 -145/16-17 തീയതി. 27.07.16

തുക - 199875/-

പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരായ Aims Energy system 17 വാർഡിലേയും 50 ലൈറ്റുകൾ വീതം മെയിന്റനൻസ് നടത്തിയതായി മെമ്പർമാർ സാക്ഷ്യപ്പെടുത്തി യതിന്റെ അടിസ്ഥാനത്തിൽ ഡി.ഡി.നം.067162/05.04.16 പ്രകാരം 199875/-രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നിയമ പ്രകാരമുള്ള വാറ്റ് ഈടാക്കിയിട്ടില്ല.

VAT ഇനത്തിൽ ഈടാക്കേണ്ട തുക 199875 x 12.5 % = 24984/-

======

b) പ്രോജക്ട് നം. - SO148/15-16

പേര് - സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി

ബിൽ നം. - A2 -148/15-16 തീയതി. 29.03.16 - 55500/-

=====

സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾക്കായി 2013-14 വർഷത്തിൽ പണി പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിയിൽ കരാറുകാരന് 55500/-രൂപ നൽകിയിട്ടുണ്ടെങ്കിലും VAT ഈടാക്കിയിട്ടില്ല.

VAT ഇനത്തിൽ ഈടാക്കേണ്ട തുക 55500 x 12.5 % = 69375/-

======

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5-ന് നൽകിയ മറുപടിയിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ പുതുതായി ഒരു മൂല്യവർദ്ധിത ഉല്പന്നം ഉണ്ടാകുന്നില്ല എന്ന പരാമർശം അംഗീകരിക്കാൻ കഴിയാത്ത തിനാലും എല്ലാത്തരം കരാർ പ്രവൃത്തികളുടെ ബില്ലിൽ നിന്നും നികുതി ഈടാക്കാൻ സർക്കാർ ഉത്തരവുള്ളതിനാലും VAT ഇനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കേണ്ട തുക 31921.5 രൂപ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 3-9 ഓഡിറ്റോറിയം വാടക - തനത് ഫണ്ട് ചെലവ് അംഗീകരിക്കുന്നില്ല

വൗച്ചർ നം. - 26.02.16 ₹8000/-

തൊഴിലുറപ്പ് തൊഴിലാളികളുടെ സംഗമത്തിനും പദ്ധതിയിലെ പുരോഗതി വിലയിരുത്താനും 19.01.2016-ന് വിതുര നാസ് ഓഡിറ്റോറിയത്തിൽ ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. പഞ്ചായത്തിന് സ്വന്തമായി കമ്മ്യൂണിറ്റി ഹാൾ ഉള്ളപ്പോൾ നാസ് ഓഡിറ്റോറിയം എന്ന സ്വകാര്യ സ്ഥാപനം വാടകക്കെടുത്ത് 8000/-രൂപ തനത് ഫണ്ടിൽ നിന്നും വാടകയായി ചെലവഴിച്ചു. NREGS-ന് സ്വന്തമായി ഫണ്ട്, ഭരണകാര്യങ്ങൾ നിർവ്വഹിക്കാൻ ഉള്ളപ്പോൾ ഇപ്രകാരം തനത് ഫണ്ട് ചെലവ് ചെയ്തത് ന്യായീകരിക്കാനാകുന്നതല്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 04.12.2016-ലെ VI(19)-ാം നമ്പർ തീരുമാന മനുസരിച്ച് 2500 ലധികം ആൾക്കാർ പങ്കെടുത്തതിനാലാണ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഒഴിവാക്കി സ്വകാര്യ സ്ഥാപനം വാടകക്കെടുത്തതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ചെലവായ തുക NREGS ഫണ്ടിൽ നിന്നും recoup ചെയ്യേണ്ടതാണ്. കൂടാതെ സ്വകാര്യ സ്ഥാപനങ്ങൾ അനാവശ്യമായി വാടകക്കെടുത്ത് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്ന നടപടി അവസാനിപ്പി ക്കേണ്ടതുമാണ്. എത്ര ആൾക്കാർ പങ്കെടുത്തു എന്നതിന് മിനിട്ട്സോ അനുബന്ധ രേഖകളോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ചെലവിനം ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 ക്വട്ടേഷൻ ക്ഷണിക്കാതെ പ്രവൃത്തി നടത്തി. തുക തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം. 42/3/(1) രൂ.9500/-

വിതുര KSRTC ബസ്സ്റ്റാൻഡിനു മുന്നിലെ മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റിയ ഇനത്തിൽ ശ്രീ.നോബി എന്ന വ്യക്തിക്ക് 09.03.2016-ൽ 9500/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിക്കാതെയും ശിഖരങ്ങൾ അപകടാവസ്ഥ യിലാണെന്ന ലൊക്കേഷൻ മഹസ്സറിന്റെ അഭാവത്തിലുമാണ് തുക ചെലവഴിച്ചിരി ക്കുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 3-ന് നൽകിയ മറുപടിയിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 238(1)ബി, (2)സി പ്രവൃത്തികൾ അടിയന്തിരമായി നിർവഹിക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിനാലാണ് പാഴ്മരത്തിന്റെ ചില്ലകൾ അടിയന്തിരമായി മുറിച്ചുമാറ്റിയതെന്ന് പറയുന്നു. എന്നാൽ ഇതിന്റെ അടിയന്തിര സ്വഭാവം വ്യക്തമാക്കുന്നതിനായി വാർഡ്മെമ്പറുടെയോ പൊതുജനങ്ങളുടെയോ കത്ത് ഹാജരാക്കിയില്ല. കൂടാതെ ടി മരത്തിന്റെ ശാഖകൾ നാളിതുവരെയായി ലേലം ചെയ്ത് നൽകിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെ ചെലവുചെയ്ത 9500/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

*I. എസ്.റ്റി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്*

താഴെ വിവരിക്കുന്ന എസ്.റ്റി.വിഭാഗത്തിൽപ്പെട്ട 4 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു.

| ക്രമ നം. | പേര് | കോഴ്സ് | കോളേജ് |
|---|---|---|---|
| 1 | അഞ്ചു.എസ്.<br>D/o ജി.ചന്ദ്രൻ,<br>തടത്തരികത്ത് വീട്, കരിമ്പിൻകാല | ഡിപ്ലോമ ഇൻ ജനറൽ നഴ്സിങ് | ക്രെഡൻസ് കോളേജ്, ഉള്ളൂർ |
| 2 | സത്യ.ഐ.ജെ.,<br>D/o ജയകുമാർ.ബി.<br>ആറ്റരികത്ത് വീട്, 1092, ചെറുമണലി, ആനപ്പാറ.പി.ഒ. | ഡിപ്ലോമ ഇൻ ജനറൽ നഴ്സിങ് | ഗവ.സ്കൂൾ ഓഫ് നഴ്സിങ്, തിരുവനന്തപുരം |
| 3 | കൃപ.ഐ.ജെ,<br>D/o ജയകുമാർ.ബി.<br>ആറ്റരികത്ത് വീട്, 1092, ചെറുമണലി, ആനപ്പാറ.പി.ഒ. | രണ്ടാം വർഷ BDS | ഗവ.ദന്തൽ കോളേജ്,<br>തിരുവനന്തപുരം. |
| 4 | ആര്യ.യു.എസ്,<br>D/o ശശിധരൻ കാണി,<br>ആറ്റരികത്ത് വീട്. | ഡിപ്ലോമ ഇൻ ഇലക്ട്രോണിക്സ് | ഗവ.പോളി ടെക്നിക് |

ഇതിൽ ക്രമ നമ്പർ 2-ഉം 3-ഉം ഗുണഭോക്താക്കൾ ഒരേ വീട്ടിലെ അംഗങ്ങളാണ്. ഒരേ വീട്ടിൽ തന്നെയുള്ള ഗുണഭോക്താക്കൾക്ക് 2 ലാപ്ടോപ്പ് നൽകിയത് പഞ്ചായത്തിലെ മറ്റ് വാർഡുകളിലുള്ളവർക്കും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മറ്റുള്ളവർക്കും പദ്ധതി ആനുകൂല്യം നഷ്ടമാക്കി. ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുത്തിട്ടു ണ്ടെങ്കിലും അവയുടെ സ്പെസിഫിക്കേഷൻ, വാറന്റി ഇത്യാദി വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വാറന്റി രേഖകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുമില്ല എന്നും അന്വേഷണത്തിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു.

*II. എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്*

ഈ പദ്ധതിയിലും വാറന്റി, സ്റ്റോക്ക്, ഇഷ്യൂ എന്നിവ ശരിയായ രീതിയിൽ നിർവഹിച്ചിട്ടില്ല. ജി.ഒ(ആർ.റ്റി)787/115 തസ്വഭവ.18.03.15 ഉത്തരവ് പ്രകാരം പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു മാത്രമേ ലാപ്ടോപ്പ് വിതരണം ചെയ്യാനാകൂ. താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരമാണ് ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത്.

| *A.* | *എസ്.സി. വിദ്യാർത്ഥികൾക്ക്* | | ലാപ്ടോപ്പ് എണ്ണം | |
|---|---|---|---|---|
| 1 | MCTVM0633 തീ.29.02.16 | കേരളാ സിഡ്കോ | 2 | 99845 |
| 2 | MCTVM0631 തീ.29.02.16 | കേരളാ സിഡ്കോ | 2 | 99845 |
| 3 | MCTVM0634 തീ.29.02.16 | കേരളാ സിഡ്കോ | 2 | 99845 |
| *B* | *എസ്.റ്റി.വിദ്യാർത്ഥികൾക്ക്* | | | |
| 4 | MCTVM0632 തീ.29.02.16 | കേരളാ സിഡ്കോ | 2 | 99845 |
| 5 | MCTVM0635 തീ.29.02.16 | കേരളാ സിഡ്കോ | 2 | 99845 |

ഒരു വിദ്യാർത്ഥിക്ക് ഒരു ലാപ്ടോപ്പിനായി 47,545/-രൂപ ചെലവഴിച്ചു.

1 ലാപ്ടോപ്പ് വില - 41,895/-

2 വർഷ അധിക വാറന്റി - 5650/യൂണിറ്റ്

എസ്.സി വിദ്യാർത്ഥികളിൽ താഴെപ്പറയുന്നവരാണ് ലാപ്ടോപ്പ് കൈപ്പറ്റിയിരിക്കുന്നത്.

| ക്രമ നം. | പേര് | കോഴ്സ് | കോളേജ് |
|---|---|---|---|
| 1 | വിപിൻദാസ് | CP&D | കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, കോഴിക്കോട് |
| 2 | ആതിര.എസ്.വിജയ് | M Tech | SCT College of Eng.Pappanamcode |
| 3 | അഖില ചന്ദ്രൻ | B Tech | Travancore Eng.College, Kollam |
| 4 | രാഖി.ആർ.വി. | BSC Optometry | Medical College, കോഴിക്കോട് |
| 5 | ജിജിമോഹൻ.വൈ.എം. | ഡ്രാഫ്റ്റ്സ്മാൻ | MP Industrial Training Institute |
| 6 | ആകാശ്ദേവ്.ആർ | BA ആനിമേഷൻ & ഗ്രാഫിക് | വിസ്മയമാക് |

പട്ടിക വർഗ്ഗത്തിൽപെട്ട 4 വിദ്യാർത്ഥികളും ക്രമനമ്പർ 2, 3-ഉം ഒഴികെ) പ്രൊഫഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ് കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിൽ പഠിക്കുന്നവരല്ല. ഇക്കാരണത്താൽ ഇവർക്ക് കമ്പ്യൂട്ടർ വാങ്ങാൻ ചെലവഴിച്ച 1,90,180/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

എസ്.സി.വിദ്യാർഥികളിൽ ക്രമ നമ്പർ 2, 6 എന്നിവ ഒഴികെയുള്ളവർ ജി.ഒ.(ആർ.റ്റി) 787/15 തസ്വഭവ. തീയ.18.03.15 പ്രകാരം ലാപ്ടോപ്പിന് അർഹരല്ല. ഇവർ 4 പേർക്കായി ചെലവഴിച്ച 1,90,180/-രൂപയും ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

*III. എസ്.റ്റി.വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം.*

ഇതിൽ 158 വിദ്യാർത്ഥികളെ 5-ാം ക്ലാസ്സ് വരെയുള്ളവരെ തെരഞ്ഞെടുത്തു.

| | കമ്പനി/ബ്രാന്റ് | തുക |
|---|---|---|
| സ്കൂൾബാഗ് - 1 | സ്കൂബീ | 385 |
| നോട്ട്ബുക്ക് - 3 (200 പേജ്) | | 25 |
| പേന - 1 | | 12 |
| പെൻസിൽ ബോക്സ് - 1 | | 25 |
| പെൻസിൽ പാക്കറ്റ് - 1 | | 30 |
| കുട - 1 | പോപ്പി/ജോൺസൻ | 275 |

എന്നിവ വിതരണം ചെയ്യാൻ നിശ്ചയിക്കുകയും സിഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങി നൽകുകയും ചെയ്തു. സ്കൂൾ ബാഗിനായി ഇൻവോയ്സ് നം.587(a) തീ.12.12.15 പ്രകാരം 68,769/-രൂപയും, മറ്റ് ഇനങ്ങൾക്ക് ഇൻവോയ്സ് 587 തീ.12.12.15 പ്രകാരം 68305/-രൂപയും നൽകി.

<u>അപാകതകൾ</u>

1. പഠനോപകരണങ്ങൾ അതത് സ്കൂളിലെ പ്രഥമാധ്യാപകർ കൈപ്പറ്റി എന്നുള്ള തല്ലാതെ വിദ്യാർത്ഥികൾ കൈപ്പറ്റിയതായുള്ള രസീത് ഹാജരാക്കിയിട്ടില്ല.
2. വിദ്യാർത്ഥികൾ എസ്.റ്റി.വിഭാഗത്തിലുള്ളവരാണെന്ന് പ്രഥമാധ്യാപകർ ലിസ്റ്റ് നൽകി എന്നുള്ളതല്ലാതെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാ ക്കിയിട്ടില്ല.

നേരിട്ട് കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്യുകയോ, ടെണ്ടർ ക്ഷണിക്കുകയോ ചെയ്തിരുന്നെങ്കിൽ ഇതിലും കുറഞ്ഞ വിലക്ക് സാധനങ്ങൾ ലഭ്യമാക്കാമായിരുന്നു. വിദ്യാർത്ഥികൾ പഠനോപകരണങ്ങൾ കൈപ്പറ്റി എന്നതിന് രേഖകൾ ഹാജരാക്കാത്ത തിനാൽ ഇതിനായി ചെലവഴിച്ച 1,37,074/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

*IV. <u>പ്രീപ്രൈമറി പോഷകാഹാര പദ്ധതി</u>*

പ്രോജക്ട് ചെലവ് - 86/16 (24,990/-രൂപ)

പ്രീപ്രൈമറി കുട്ടികൾക്ക് മാസത്തിൽ 4 ദിവസം മുട്ടയും 5 ദിവസം പാലും നൽകുന്ന പദ്ധതിയാണിത്. മുട്ടയും പാലും ലോക്കൽ പർച്ചേസിൽ വാങ്ങിയിരിക്കുന്നു. മുട്ടയും പാലും സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നോ, മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ ഇവ വാങ്ങിയിട്ടില്ല. മേൽ സൂചിപ്പിച്ച് അപാകതൾ കാരണം ഈ ഇനത്തിൽ ചെലവായ 24,990/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി 13-നുള്ള മറുപടി തൃപ്തികരമല്ല.

*V. <u>അതുല്യം പദ്ധതി</u>*

4-ാം തരം തുല്യതാ പരീക്ഷക്ക് പഠിതാക്കളെ സജ്ജരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പഠിതാക്കളുടെ അറ്റൻഡൻസ്, അഡ്മിഷൻ വിശദാംശങ്ങൾ, കരിക്കുലം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. അതത് വാർഡുകളിൽ ക്ലാസ്സ് നടത്തി എന്ന പറയുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. 18 പരിശീലകർ, 1 റിസോഴ്സ് പെഴ്സൺ, 1 കോർഡിനേറ്റർ എന്നിവർ ഈ പദ്ധതിയിൽ പങ്കെടുത്തുവെങ്കിലും ഇവരെ ഏത് അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തതെന്നോ, ഇവരുടെ വിദ്യാഭ്യാസ യോഗ്യത എന്തെന്നോ വ്യക്തമല്ല. പഞ്ചായത്ത് കമ്മിറ്റി 2014-15 വർഷത്തെ പദ്ധതിയി ലുൾപ്പെടുത്തി നടത്തിവന്ന അതുല്യം പദ്ധതിയിലെ കോർഡിനേറ്റർമാരെ 27.07.2015-ലെ പഞ്ചായത്ത് കമ്മിറ്റി II(2) തീരുമാന പ്രകാരം അംഗീകരിക്കുക യായിരുന്നു. 2014-15ലും കോർഡിനേറ്റർ/റിസോഴ്സ്പെഴ്സൺ/ഇൻസ്ട്രക്ടർമാർ എന്നിവരുടെ യോഗ്യത പരാമർശിച്ചിട്ടില്ല.

ഇക്കാരണത്താൽ വേതനയിനത്തിലെ ചെലവായ 82,100/-രൂപ തടസ്സം ചെയ്യുന്നു.

*VI. <u>കായിക പരിശീലനം</u>*

കുട്ടികളെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡ പ്രകാരമെന്ന് വ്യക്തമല്ല. കായിക പരിശീലനം നടത്തി എന്നുപറയുന്നതല്ലാതെ ഏതിനത്തിൽ ഏതേതു ദിവസം പരിശീലനം നൽകി എന്നതിന്റെ യാതൊരു റിപ്പോർട്ടും ലഭ്യമല്ല. കായിക പരിശീലനം നടത്തിയ വഴി ആദ്യം പരിശീലനത്തിനുവന്നതിനേക്കാൾ എന്തുമാത്രം പുരോഗതി ഓരോ വിദ്യാർത്ഥിയും നേടി എന്നത് വ്യക്തമല്ല. മുട്ട, പാൽ എന്നിവ വാങ്ങിയതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

*താഴെ പറയും പ്രകാരം തുക ചെലവുചെയ്തു.*

1) എസ്.സി - പ്രോജക്ട് തുക – 50,000/- (കുട്ടികൾ 35)

1. പരിശിലകന് ഓണറേറിയം - 7,500/-

2. മുട്ട/പാൽ വാങ്ങിയത് - 15,000/-

3. യൂണിഫോം വാങ്ങിയത് - 27,500/-

2) ജനറൽ - പ്രോജക്ട് തുക – 1,00,000/- (കുട്ടികൾ 70)

1. പരിശിലകന് ഓണറേറിയം - 15,000/-

2. മുട്ട/പാൽ വാങ്ങിയത് - 30,000/-

3. യൂണിഫോം വാങ്ങിയത് - 55,000/-

3) എസ്.റ്റി - പ്രോജക്ട് തുക – 1,00,000/- (കുട്ടികൾ 70)

1. പരിശിലകന് ഓണറേറിയം - 15,000/-

2. മുട്ട/പാൽ വാങ്ങിയത് - 30,000/-

3. യൂണിഫോം വാങ്ങിയത് - 55,000/-

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,50,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതിനായി ഓഡിറ്റ് എൻക്വയരി
18-നുള്ള മറുപടിയിൽ വിതുര യു.പി.സ്കൂളിലെ കുട്ടികൾ സബ്ജില്ലാ കായിക മേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയെന്നും ചില വിദ്യാർത്ഥികൾക്ക് ജി.വി.രാജ സ്പോർട്സ് സ്കൂളിൽ അഡ്മിഷൻ ലഭിച്ചതായും അറിയിച്ചു. എന്നാൽ കായിക പരിശീലനത്തിന് വന്നപ്പോൾ ഓരോ വിദ്യാർത്ഥി കളുടെയും ഓരോ കായിക ഇനത്തിലുമുള്ള കഴിവ് എത്രയെന്നോ, ഇതിനു ശേഷമുള്ള പുരോഗതി എത്രയെന്നോ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. സ്പെസിഫിക് ആയി ഏത് മേഖലകളിൽ പരിശീലനം നൽകിയെന്നും വ്യക്തമല്ല. കായിക ഇനത്തിൽ എന്തെങ്കിലും പ്രോജക്ട് ഉണ്ടാക്കുകയും സ്കൂളുകളിൽ സാധാരണ നടന്നുവരുന്ന ഫിസിക്കൽ ട്രയിനിങ്ങിനോടൊപ്പം അതുകൂടി നടത്തി എന്ന് അവകാശപ്പെടുന്നതും ക്രമപ്രകാരമല്ല.

## 3-12 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടത്തിയ പദ്ധതികളിലെ അപാകതകൾ

*1) അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൗ*

ക്വട്ടേഷൻ മുഖേനയാണ് വാങ്ങിയിട്ടുള്ളത്. നേതാജി ഏജൻസി "ബെസ്റ്റ് ഫ്ലെയിം" എന്ന പേരിലുള്ള ഗ്യാസ് സ്റ്റൗ സപ്ലൈ ചെയ്തു. ഒന്നിന് 1700/-രൂപ നിരക്കിൽ 34 എണ്ണം. എന്നാൽ ഇത് ഡബിൾ ബർണറോണോ/സിംഗിൾ ബർണറാണോ, ഐ.എസ്.ഐ സർട്ടിഫിക്കേഷൻ ലഭിച്ചതാണോ, വാറന്റി കാലയളവ് ഉള്ളതാണോ എന്നുള്ളതൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വില കുറവിന്റെ പേരിൽ ഗുണനിലവാരമില്ലാത്ത ഇനം സാധനമാണോ വാങ്ങിയതെന്ന് വിലയിരുത്തേണ്ടതുണ്ട്. മറ്റ് സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ഇപ്രകാരമായിരുന്നു.

| | സിഡ്കോ (2 ബർണർ) | കേരള ആഗ്രോ ഇൻഡസ്ട്രീസ് |
|---|---|---|
| 1. | പ്രീതി ഗ്യാസ് സ്റ്റൗ - 2750/-രൂപ | ഗ്യാസ് സ്റ്റൗ - 3900/- (പ്രീജിയൺ) |
| 2. | ബജാജ് - 2500/- | |
| 3. | നിർലീപ് - 2250/- | ഗ്യാസ് സ്റ്റൗ - 2900/- (unbranded) |
| 4. | Index - 2160/- | |

സ്റ്റൗ-ന്റെ ഗുണനിലവാര പരിശോധന മോണിറ്ററിങ് സമിതി/മറ്റ് ഏജൻസികൾ പരിശോധിച്ചതായി കാണുന്നില്ല.

## 3-13 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല - തുക തടസ്സപ്പെടുത്തുന്നു

2015-16 വർഷം ഐ.എ.വൈ പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| ക്രമ നം. | പ്രോജക്ട് നം. | ഇനം | അടവാക്കിയ തുക | ഡി.ഡി.നം/ തീയതി |
|---|---|---|---|---|
| 1 | SO 139/15-16 | ഐ.എ.വൈ വിഹിതം (എസ്.സി.പി) | 6,80,000 | 456355<br>തീ.28.12.15 |
| 2 | SO 237/15-16 | ഐ.എ.വൈ അധിക ധനസഹായം (എസ്.സി.പി) | 4,20,000 | ഡി.ഡി.നമ്പർ ലഭ്യമല്ല<br>രസീത്<br>നം.77/ 28.03.16 |
| 3 | SO 246/15-16 | ഐ.എ.വൈ അധിക ധനസഹായം (റ്റി.സി.പി) | 3,90,000 | ഡി.ഡി.നമ്പർ ലഭ്യമല്ല<br>രസീത്<br>നം.79/ 28.03.16 |
| 4 | SO 141/15-16 | ഐ.എ.വൈ വിഹിതം (റ്റി.സി.പി) | 8,12,500 | ഡി.ഡി.നം.456355<br>28.03.16 |
| ആകെ | | | 23,02,500 | |

മേൽപ്പറഞ്ഞ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 ജലസേചന പമ്പ്സെറ്റ് വിതരണം - ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. - S0009/16

പേര് - ജലസേചന പമ്പ്സെറ്റ് (വനിത)

ബിൽ നം. - VKB 1/15-16 തീ. 14.09.15 - 20000/-

VKB 3/15-16 തീ. 30.12.15 - 5000/-

VKB 4/15-16 തീ. 28.03.16 - 175000/-

പൊതുവിഭാഗത്തിൽപ്പെട്ട 40 പേർക്ക് പമ്പ്സെറ്റ് വിതരണമായിരുന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. എന്നാൽ സ്ഥല പരിശോധന നടത്തിയതിൽ ശ്രീമതി.അജിത.പി, അഭയ, കൊപ്പം, വിതുര.പി.ഒ എന്ന വ്യക്തി പമ്പ് സെറ്റ് വാങ്ങിയിട്ടുണ്ടെങ്കിലും സ്ഥാപിക്കാത്തതായും ശ്രീമതി സുലത, അഖിൽ ഭവൻ, ശ്രീമതി.ഉഷ, തടത്തരികത്ത് വീട്, ശ്രീമതി.ജദീന, ജദീന ഭവൻ എന്നിവർ വീട്ടാവശ്യ ത്തിനായാണ് പ്രസ്തുത പമ്പ് സെറ്റ് സ്ഥാപിച്ചിരിക്കുന്നതെന്ന് കാണാൻ കഴിഞ്ഞു. കൂടാതെ ഇവർക്കെല്ലാവർക്കും തന്നെ റബ്ബർ കൃഷിയല്ലാതെ മറ്റേതെങ്കിലും തരത്തിലുള്ള കൃഷിയുണ്ടെന്ന് ബോധ്യപ്പെടുത്താനും കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും പരാജയപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. കാർഷിക രംഗത്തെ വികസനത്തിനുതകേണ്ടുന്ന സർക്കാർ പണം യഥാർത്ഥ ഗുണഭോക്താക്കളിൽ എത്താതെ ഇപ്രകാരം ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പി ക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഐ.എ.വൈ ഭവന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. - SO248/15-16

പേര് - ഐ.എ.വൈ ഭവന പദ്ധതി

ബിൽ നം. - A2-248/16 - 500000/-

ഐ.എ.വൈ ഭവന പദ്ധതി വിഹിതമിനത്തിൽ 500000/-രൂപ വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് നൽകിയതായി ഫയൽ പരിശോധനയിൽ കാണുന്നുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ

സാഹചര്യ ത്തിൽ തുക വിനിയോഗിച്ചിട്ടുണ്ടോയെന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും വിലയിരുത്താൻ സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-16 ഐ.കെ.എം-ന് വിഹിതം നൽകൽ - കൈപ്പറ്റ് രസീതില്ല

പ്രോജക്റ്റ് നം. - SO205/16

പേര് - ഐ.കെ.എം.വിഹിതം നൽകൽ

ഡി.ഡി. നം. - 067173/30.03.16 - 48659/-

ഐ.കെ.എം.-ന് പഞ്ചായത്ത് വിഹിതമായ 48,659/-രൂപ നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5-ന് ലഭ്യമാക്കിയ മറുപടിയിൽ ഐ.കെ.എം-ന് കത്ത് നൽകിയിട്ടുണ്ടെന്നും അത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 3-17 തൊഴിൽ രഹിത വേതനം - യഥാർത്ഥ ചെലവിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു

തൊഴിൽ രഹിത വേതനത്തിന് 2015-16ൽ ലഭിച്ച ആകെ അലോട്ട്മെന്റ് തുകയായ 923400/-രൂപയിൽ ആകെ 711840/-രൂപ ചെലവഴിച്ചതായും 211560/-രൂപ ചെലാൻ വഴി തിരിച്ചടച്ചതായും കാണുന്നു. എന്നാൽ ഗുണഭോക്താക്കളുടെ അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 711120/-രൂപ മാത്രമേ ചെലവായതായി കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7-ന് നൽകിയ മറുപടിയിൽ വേതന വിതരണ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്താതെ ഒരാൾക്ക് തുക നൽകിയതിനാലാണ് അപ്രകാരം സംഭവിച്ചതെന്നും 28.04.2015-ൽ തുക കൈപ്പറ്റിയിട്ടുള്ള മുഴുവൻ ഗുണഭോക്താക്കളുടേയും രേഖകൾ പരിശോധിച്ച് നഷ്ടം നികത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു. മറുപടിയിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം നടപടി സ്വീകരിച്ച് അപാകത പരിഹരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും കുറവുവന്ന തുകയായ 720/-രൂപ ഈടാക്കേണ്ടതാണ്.

## 3-18 ആശ്രയ പദ്ധതി - ഫണ്ട് വകമാറ്റി ചെലവഴിച്ചു

2015-16 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്റ്റിലാണ് ഫണ്ട് വകമാറ്റി ചെലവഴിച്ചത്.

പ്രോജക്റ്റ് നം.SO095/15-16 പ്രകാരമുള്ള 'ആശ്രയ പദ്ധതിയിൽ' വികസന ഫണ്ട് (ജനറൽ) 10,00,000/-രൂപ അടങ്കൽ വകയിരുത്തി 4 ഗുണഭോക്താക്കൾക്ക് 2,50,000/-രൂപ ധനസഹായം നൽകി ഭവന നിർമ്മാണം നടത്തുന്നതിനാണ് പ്രോജക്റ്റ് ആസൂത്രണം ചെയ്തത്.

2014-15 ൽ നടപ്പാക്കിയ ആശ്രയ പദ്ധതി 2015-16 ൽ സ്പിൽഓവറായി വികസന ഫണ്ട്-13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക 7,50,000/-രൂപയും, വികസന ഫണ്ട് (ജനറൽ) 50,000/-രൂപയും ഉൾപ്പെടെ 8,00,000/-അടങ്കൽ വകയിരുത്തി, പ്രോജക്റ്റ് നം.SO181/15-16 ആയി മറ്റൊരു പ്രോജക്റ്റും വി.ഇ.ഒ നിർവ്വഹണം നടത്തിയിട്ടുണ്ട്.

ബിൽ നം.08/15-16 തീയതി 31.08.15 പ്രകാരം വികസന ഫണ്ട് (ജനറൽ)-ൽ നിന്നും പിൻവലിച്ച 1,70,000/-രൂപ സ്പിൽ ഓവർ പ്രോജക്റ്റിലെ ഗുണഭോക്താക്കൾക്കാണ് നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ചെലവ് പത്രികയിൽ (സുലേഖ സ്റ്റേറ്റ്മെന്റ്) പ്രോജക്റ്റ് നം. SO095/15-16 എന്ന ആശ്രയ പദ്ധതിയിൽ 1,70,000/-രൂപയുടെ ചെലവും, SO181/15-16 എന്ന സ്പിൽ ഓവർ പ്രോജക്റ്റിൽ 5,00,000/-രൂപയുടെ ചെലവുമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ വി.ഇ.ഒ.സമർപ്പിച്ച ചെലവ് രേഖകളിൽ ആശ്രയ പദ്ധതിയുടെ പുതിയ പ്രോജക്റ്റിൽ ചെലവ് കാണിച്ചിട്ടില്ല. 6,70,000/-രൂപയും സ്പിൽ ഓവർ പ്രോജക്റ്റിലാണ് ചെലവായി കാണിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് സെക്രട്ടറി മുഖാന്തിരം വി.ഇ.ഒ-യ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.11-നുള്ള മറുപടിയിൽ പുതിയ ആശ്രയ പ്രോജക്റ്റിന് നാളിതുവരെ ഗുണഭോക്തക്കളെ നൽകിയിട്ടില്ല എന്നും, സ്പിൽ ഓവർ പ്രോജക്റ്റിനുവേണ്ടി നൽകിയ റിക്വിസിഷന് സെക്രട്ടറി പുതിയ പ്രോജക്റ്റിൽ നിന്നുള്ള അലോട്ട്മെന്റ് നൽകിയതെന്നും വി.ഇ.ഒ.അറിയിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറി നൽകിയ മറുപടിയിൽ വി.ഇ.ഒ.നൽകിയ റിക്വിസിഷന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. അതിൽ പ്രോജക്റ്റ് നം.SO095/16 ൽ നിന്നും 1,70,000/-രൂപ ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. വി.ഇ.ഒ.-യുടെ ഫണ്ട് വിനിയോഗത്തിലെ നിരുത്തരവാദപരമായ പ്രവൃത്തി മൂലമാണ് ഈ തെറ്റ് സംഭവിച്ചതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ

ഫണ്ട് വകമാറി ചെലവഴിച്ചതിന് സർക്കാറിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 ഫണ്ട് വകമാറ്റി ചെലവഴിച്ചു

2015-16 വർഷം അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.SO140/15-16 ഭവന പുനരുദ്ധാരണം (എസ്.സി.പി) എന്ന പദ്ധതിയിലാണ് ഈ അപാകത. മേൽ പ്രോജക്റ്റിനുവേണ്ടി ബിൽ നം.18/15-16 തീയതി, 21.03.2016 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 70,000/-രൂപയിൽ 60,000/-രൂപ 6 ഗുണഭോക്താ ക്കൾക്ക് 10,000/-രൂപാ വീതം ആദ്യ ഗഡുവായി നൽകി. ബാക്കി തുക 10,000/-രൂപ പ്രോജക്റ്റ് നം.SO136/15-16 – കുടിവെള്ളക്കിണ്ണ നിർമ്മാണം (എസ്.സി.പി) എന്ന പ്രോജക്റ്റിലെ ഗുണഭോക്താവായ ശ്രീമതി.സ്വർണ്ണി, ആകമൺ പുത്തൻവീട്, ആനപ്പാറ. പി.ഒ. എന്നയാൾക്ക് നൽകിയിരിക്കുന്നു. ഒരു പദ്ധതിക്കായി പിൻവലിച്ച തുക മറ്റൊരു പദ്ധതിക്ക് ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.21) ക്ക് അസി.സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ അബദ്ധത്തിൽ സംഭവിച്ച തെറ്റാണെന്നും ധനദുർവിനിയോഗം നടന്നിട്ടില്ല എന്നുമാണ് പറഞ്ഞിരി ക്കുന്നത്. അശ്രദ്ധമായി പദ്ധതികൾ നടപ്പാക്കിയതിനാലാണ് ഈ തെറ്റ് സംഭവിച്ചിരി ക്കുന്നത്. മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | ജി.ഒ.(പി)320/10 തീ.29.10.10 | 18500000 | 7949650 | 2200000 | 0 | 5749650 (മുതൽ) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 2236468<br>(പലിശ) |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 135164/-രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക |
|---|---|
| 2000-01 | 64 |
| 2004-05 | 3-10 |
| 2006-07 | 3-7 |
| 2007-08 | 3-8 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59788297 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81382841 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 387476 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3204244 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | - | 33701 | ശ്രീമതി.നിഷാപിള്ള എച്ച്, അസി.എഞ്ചിനീയർ |
| 3-2 | - | 65975 | - ടി - |
| 3-3 | - | 130510 | - ടി - |
| 3-4 | - | 38754 | - ടി - |
| 3-5 | - | 4048 | - ടി - |
| 3-6 (i) | - | 47116 | ഡോ.രാജ്കഫൂർ, മെഡിക്കൽ ഓഫീസർ CHC |
| 3-6 (ii) | - | 2540 | - ടി - |
| 3-6 (iii) | - | 4750 | - ടി - |
| 3-7 | - | 30000 | ഡോ.ആശ, വെറ്ററിനറി സർജൻ |
| 3-8 | - | 31921 | ശ്രീ.അനസചേതനൻ, സെക്രട്ടറി |
| ആകെ | | 387476 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നിഷാപിള്ള എച്ച്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>വിതുര ഗ്രാമ പഞ്ചായത്ത് | രേവതി, മേടയിൽ,<br>കരുപ്പൂർ, നെടുമങ്ങാട് |

| | | |
|---|---|---|
| ഡോ.രാജ്കഫൂർ,<br><br>മെഡിക്കൽ ഓഫീസർ | | കാർത്തിക, TC 22/2063, പണിക്കേഴ്സ് ലയിൻ, മണ്ണാമൂല, പേരൂർക്കട. |
| ഡോ.ആശ,<br><br>വെറ്ററിനറി സർജൻ | | TC-9/1698-1, പൂണൂലകം, ശാസ്തമംഗലം.പി.ഒ. |
| ശ്രീ.അനസചേതനൻ, സെക്രട്ടറി | | TC-S/903(i) F-18 PNRA, അമ്പലംമുക്ക്, കവടിയാർ.പി.ഒ. |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 2800 | ഡോ.രാജ്കഫൂർ, മെഡിക്കൽ ഓഫീസർ |
| 3-7 | 200000 | ഡോ.ആശ, വെറ്ററിനറി സർജൻ |
| 3-9 | 8000 | ശ്രീ.അനസചേതനൻ, സെക്രട്ടറി |
| 3-10 | 9500 | ശ്രീ.അനസചേതനൻ, സെക്രട്ടറി |
| 3-11(ii) | 190180 | ശ്രീ.മോഹനകുമാർ, എച്ച്.എം. |
| 3-11(iii) | 137074 | ശ്രീ.മോഹനകുമാർ, എച്ച്.എം. |
| 3-11(iv) | 24990 | ശ്രീ.മോഹനകുമാർ, എച്ച്.എം. |
| 3-11(v) | 82000 | ശ്രീ.മോഹനകുമാർ, എച്ച്.എം. |
| 3-11(vi) | 250000 | ശ്രീ.മോഹനകുമാർ, എച്ച്.എം. |

| | | |
|---|---|---|
| 3-13 | 2302500 | ശ്രീ.കെ.കെ.സജീവ്കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 3204244 | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.റ്റി.ഡി.6(സി)890/2001 തീ.17.07.14 | 32 | |
| 1998-99 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/714/2002 തീ.17.07.14 | 31 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/715/2002 തീ.17.07.14 | 28 | |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1109/2003 തീ.17.07.14 | 41 | (ഖ.നം.64) സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/659/2008 തീ.17.07.14 | 7 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1482/2004 തീ.17.07.14 | 5 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/738/2007 തീ.17.07.14 | 13 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1248/2008 തീ.17.07.14 | 9 | ഖ.നം.3-10 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1249/2008 തീ.17.07.14 | 13 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1057/2009 തീ.30.11.2009/08.02.10 | 18 | ഖ.നം.3-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/854 തീ.16.03.2011 | 9 | ഖ.നം.3-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/855/10 തീ.17.07.14 | 10 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/345/12 തീ.22.05.12<br>നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/346/12 തീ.17.07.14 | 8 | |
| 2010-11 | | 12 | |
| 2011-12 | | 11 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/244/2015 തീ.29.04.15 | 6 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/478/2016 തീ.30.03.16 | 14 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1382/16 | 43 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വിതുര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യപത്രിക വിതുര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകൾ

1. എല്ലാ ആസ്തികളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തി യിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്ററുകൾ വാല്യൂ ബേസ്ഡ് ആയി എഴുതി സൂക്ഷിക്കുന്നില്ല.

3. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തി യിട്ടില്ല.
4. തനത് ഫണ്ടിന്റെ പിൻലവിക്കലുകളിൽ ചെക്ക് നമ്പർ രേഖപ്പെടുത്താത്ത ബാങ്ക് സ്റ്റേറ്റ്മെന്റാണ് ലഭ്യമാക്കിയത്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.